കേരള സർക്കാർ

# ആയവന ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.go

**രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം**

നം.കെ.എസ്.എ.ഇകെഎം(പി.8)250/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ :doekm.ksad@kerala.gov.in
തീയതി :13.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയവന ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ആയവന ഗ്രാമപഞ്ചായത്ത്-2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയവന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം(പി.8)250/2020 തീയതി :13.03.2020

## എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആയവന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2020മുതൽ 19.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സുധ ജേക്കബ്ബ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം യു സണ്ണി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ യോഗേഷ്.ആർ | ഓഡിറ്റർ |
| | ശ്രീ അനീഷ് ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ എം എം അലിയാർ | 01.04.2018 മുതൽ 25.02.2019 വരെ |
| പ്രസിഡന്റ് | ഒഴിവ് | 26.02.2019 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി ഗ്രേസി സണ്ണി പൊട്ടാംപുഴ | 01.04.2018 മുതൽ 30.11.2018 വരെ |
| | ശ്രീമതി ജിജി ബിജോ | 01.12.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ/ചെയർപേഴ്സൺ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീ അജേഷ് | 01.04.2018 മുതൽ 19.02.2019 വരെ |
| | ശ്രീമതി സിന്ധു ബെന്നി | 20.02.2019 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീമതി ദീപാ ജിജിമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | ശ്രീ ബേബി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ ജയരാജ് പി എം | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സിബി കൊന്താലം | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആര്യ സി ഉണ്ണി | 01.04.2018 | 10.01.2019 |
| | എൻദ്രോസ് പോൾ | 11.01.2019 | 31.03.2019 |
| കൃഷി ഓഫീസർ | ബോസ് മാത്യൂ | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജൻ | ഡോ. ജയൻ കെ സി | 01.04.2018 | 19.09.2018 |
| | ഡോ. ബോബി | 20.09.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ജീതു റ്റി ജെ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | ഡോ. റോബിൻ കെ ജോസഫ് | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലിജി പി എ | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാലാമ്പൂർ | ശ്രീ ആൽബി ജോർജ് | 01.04.2018 | 31.03.2019 |
| ഹെഡ് മാസ്റ്റർ. | ശ്രീമതി ഷാന്റി വി ഡേവിഡ് | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ സുജിത് പി രാഘവൻ | 01.04.2018 | 31.03.2019 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 1-13 |
| 14 | ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല | 1-14 |
| 15 | ജനകീയ ഭവന പദ്ധതി നീക്കിയിരുപ്പ് തുക 2018-19 വർഷത്തെ നീക്കിയിരുപ്പിൽ പ്രതിഫലിച്ചിട്ടില്ല | 1-15 |
| 16 | വിവിധോദ്ദേശ്യ ഗ്രാന്റുകളും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകളും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല | 1-16 |
| 17 | കാലി വീപ്പയുടെ വില ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-17 |

| | | |
|---|---|---|
| 18 | വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശ്ശിക അവശേഷിക്കുന്നു | 1-18 |
| 19 | വിവിധ ടാറിംഗ് പ്രവൃത്തികൾ-കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-19 |
| 20 | നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 1-20 |
| 21 | യോഗപരിശീലനം - പരിശീലകയ്ക്ക് അധികം തുക അനുവദിച്ചു | 1-21 |
| 22 | കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിയ്ക്ക് ലാപ് ടോപ് അനുവദിച്ചു | 1-22 |
| 23 | മുട്ടക്കോഴി വിതരണം എസ്.റ്റി- ഒരു കുടുംബത്തിലെ രണ്ട് പേർക്ക് അനുവദിച്ചു | 1-23 |
| 24 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ- അപാകതകൾ | 1-24 |
| 25 | ലൈഫ് ഭവനപദ്ധതി ( എസ് സി )- മുൻകൂർ നൽകി- ഭവനനിർമ്മാണം ആരംഭിച്ചില്ല- | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്- | 1-26 |
| 27 | പഞ്ചായത്ത് ഓഫീസിനുള്ളിൽ സ്ഥാപിച്ച ബയോപോട്ട് ഉപയോഗിയ്ക്കാത്തത്- | 1-27 |
| 28 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| | ഭാഗം – 2<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 30 | ഇല്ല | |
| | ഭാഗം – 3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | വിവിധ ടാറിംഗ് പ്രവൃത്തികൾ-കാലി വീപ്പയുടെ വില ഈടാക്കിയില്ല | 3-1 |
| | ഭാഗം - 4 | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| | | |

| | | |
|---|---|---|
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2018-19 | അനുബന്ധം.1 |
| 44 | ബാലൻസ് ഷീറ്റ് 2018-19 | അനുബന്ധം.2 |
| 45 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 | |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തേക്കുള്ള ബജറ്റ് 17.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 31.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2018-19 | 10.06.2019, 11.06.2019 | കെഎസ്എ.ഇകെഎം(പിജി)1227(57)/2019, തി. 14.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9362780 |
| വരവ് | 60207163 |
| ആകെ | 69569943 |
| ചെലവ് | 56181912 |
| നീക്കിയിരിപ്പ് | 13388031 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 12617400 | 12617400 | 12339806 | 277594 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 3219000 | 3219000 | 2304919 | 914081 |
| വികസനഫണ്ട് -ടി.എസ്.പി. | 0 | 189000 | 189000 | 26000 | 163000 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 6666000 | 6666000 | 6219177 | 446823 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 2780000 | 2780000 | 2780000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5950000 | 5950000 | 4949137 | 1000863 |
| NMBS | 41434 | 1470 | 42904 | 0 | 42904 |
| HUDCO(വായ്പ) | 0 | 4002 | 4002 | 0 | 4002 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിദാശ്വാസനിധി | | 138 | 0 | 138 | 0 | 138 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിൽകൂലി | 0 | 20117682 | 20117682 | 20117682 | 0 |
| | അഡ്മിനി സ്ട്രേഷൻ ചെലവ് | 18480 | 340375 | 358855 | 355435 | 3420 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം | | 332773 | 539876 | 872649 | 449006 | 423643 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 187766 | 1078246 | 1266012 | 873593 | 392419 |
| | ജില്ലാ പഞ്ചായത്ത് | 5193210 | 929737 | 6122947 | 4929737 | 1193210 |
| സമ്പൂർണ്ണ ശുചിത്വം (കേന്ദ്രം) | | 425177 | 0 | 425177 | 0 | 425177 |
| ബി ഫണ്ട് | | 0 | 173120 | 173120 | 173120 | 0 |
| ODF(SBM) | | 0 | 326700 | 326700 | 0 | 326700 |
| ഖരമാലിന്യ നിർമ്മാർജ്ജനം | | 0 | 1200000 | 1200000 | 0 | 1200000 |
| വിമുക്തി | | 37500 | 25000 | 62500 | 7190 | 55310 |
| സാക്ഷരത | | 0 | 37138 | 37138 | 0 | 37138 |
| കേരളോത്സവം | | 18360 | 0 | 18360 | 0 | 18360 |
| സമ്പൂർണ്ണ ശുചിത്വം(സംസ്ഥാനം) | | 110000 | 1985 | 111985 | 0 | 111985 |
| പൈക്ക | | 47969 | 0 | 47969 | 0 | 47969 |
| മഴക്കാല പൂർവ്വ ശുചീകരണം | | 16474 | 140000 | 156474 | 140000 | 16474 |
| എം.എൻ ലക്ഷം വീട് (മേൽക്കൂര മാറ്റൽ) | | 360000 | 0 | 360000 | 0 | 360000 |
| ജനകീയ ഭവനം | | 314632 | 23168 | 337800 | 0 | 337800 |
| ബഡ്സ് സ്കൂൾ | | 0 | 1261568 | 1261568 | 0 | 1261568 |
| ഗുണഭോക്തൃ വിഹിതം | | 7386 | 1460144 | 1467530 | 1459144 | 8386 |
| ആരോഗ്യ കേരളം (അവാർഡ് തുക) | | 31746 | 0 | 31746 | 0 | 31746 |
| കുടുംബശ്രീ(SBI) | | 25675 | 911 | 26586 | 26586 | 0 |
| തനതുഫണ്ട് | ബാങ്ക് | 2037543 | 11099662 | 13137205 | 7124437 | 6012768 |
| | ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 13143669 | 13143669 | 11910447 | 1233222 |
| | കൈയിരുപ്പ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | പണം | 152515 | 28977 | 181492 | 0 | 181492 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 60890296 | 117 | 40556295 | 6 | 28 | 77 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18480 | 355435 | 373915 | 370495 | 3420 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20117682 | 20117682 | 20117682 | 0 |
| ആകെ | 18480 | 20473117 | 20491597 | 20488177 | 3420 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47160 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 3500600 | 284 |
| വിധവാപെൻഷൻ | 7510400 | 621 |
| വാർദ്ധക്യകാലപെൻഷൻ | 15947600 | 1268 |
| വികലാംഗപെൻഷൻ | 3115300 | 245 |
| [illegible] | | |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 400400 | 31 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2020 ഉച്ചകഴിഞ്ഞ് 3pm മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29915/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

സ്റ്റാന്റിംഗ് കമ്മിറ്റികൾ

വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ എല്ലാ മാസവും കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെങ്കിലും എടുത്ത തീരുമാനങ്ങളിലുള്ള പ്രവർത്തനപുരോഗതി തുടർന്ന് വിലയിരുത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന തവണ യോഗം ചേർന്നെങ്കിലും 18-19 പദ്ധതി രൂപീകരണവും, 19-20- പദ്ധതി രൂപീകരണവും മാത്രമാണ് ചർച്ച ചെയ്തത്.വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവ്വഹണത്തിലും മോണിട്ടറിംഗിലും സജീവ പങ്കാളിത്തം വഹിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടില്ല.

നികുതിപിരിവ്/ രേഖകളുടെ സൂക്ഷിപ്പ്

വസ്തു നികുതി/ തൊഴിൽനികുതിയിനങ്ങളിൽ തൻവർഷത്തേയും കുടിശ്ശിക തുകയും പരമാവധി പിരിച്ചെടുത്തിട്ടുണ്ട്. രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകളും അനുബന്ധരേഖകളും തൃപ്തികരമായി പരിപാലിയ്ക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശാനുസരണമല്ല തയ്യാറാക്കിയിരിയ്ക്കുന്നത്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.02.2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2016 മുതൽ 11.07.2016 വരെ | 2011-12 മുതൽ 2015-16 വരെ | 10.08.2016 |

# 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് എൻക്വയറി നം. 5/14.02.2020 തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഇനം | തിരിച്ചടച്ച തുക | ചലാൻ / രസീത് നമ്പർ/ തീയതി |
|---|---|---|
| തൊഴിൽനികുതി | 547 | 119050103726/17.02.2020 |
| | 567 | 119050103727/17.02.2020 |
| | 1200 | 119050103736/17.02.2020 |
| | 1200 | 119050103737/17.02.2020 |
| | 708 | 119050103732/17.02.2020 |
| | 672 | 119050103733/17.02.2020 |
| | 1250 | 119050103748/19.02.2020 |
| | 1250 | 119050103749/19.02.2020 |
| | 7394 | |

# 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ഉടമകൾ 2018-19 സാമ്പത്തീക വർഷത്തിൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്ലാസ്റ്റിക് ഇൻഡസ്ട്രി, രണ്ടാർ | 84 | 4 |
| 2 | മാർബേസിൽ ബ്രിക്സ് | 24 | 3 |
| 3 | കരമഠത്തിൽ ആയുർവേദ ക്ലിനിക് | 32 | 1 |

എന്നാൽ, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ഒരു അർദ്ധവർഷത്തെ തൊഴിൽ നികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ ആഫീസ് തലവനോടോ, തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തേയോ, വരുമാനത്തേയോ സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ഫോറത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തി നികുതി അടക്കുന്നതിന് നോട്ടീസ് നൽകാവുന്നതാണ്. എന്നാൽ, മേൽ സ്ഥാപന ഉടമകളോട് ചട്ട പ്രകാരമുള്ള ഫോറങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയോ, നികുതി അടക്കുന്നതിന് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/14.02.2020) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി

സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, ലൈസൻസിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുമ്പായി 30 ദിവസത്തിനുള്ളിൽ ഭരണസമിതി നിശ്ചയിച്ച ഫീസ് ഉൾപ്പെടെ സമർപ്പിക്കേണ്ടതും, ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ ഗ്രാമപഞ്ചായത്ത് പരമാവധി 30 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ് (ചട്ടം 12(3), എന്നിരിക്കെ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക I-ന് വിധേയമായി പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം (തീരുമാനം12/1) എടുത്തിട്ടുള്ളത് 20.12.2018ൽ മാത്രമാണ്. ആയതിനാൽ, 2018-19 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ഫീസ് നിശ്ചയിച്ചത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 2/14.02.2020) സഞ്ചയ പ്യൂരിഫിക്കേഷൻ, നികുതിപിരിവ്, പദ്ധതി നടത്തിപ്പ് എന്നിവയുടെ തിരക്ക് മൂലമാണ് ലൈസൻസ് ഭേദഗതി ചട്ടങ്ങൾ നടപ്പാക്കാൻ വൈകിയത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യകരമോ ആയേക്കാവുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും സമയബന്ധിതമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ജനകീയ ഭവന പദ്ധതി നീക്കിയിരുപ്പു തുക 2018-19 വർഷത്തെ നീക്കിയിരുപ്പിൽ പ്രതിഫലിച്ചിട്ടില്ല

ജനകീയ ഭവന പദ്ധതി(A/C.No.SBI 570213023921)അക്കൗണ്ടിൽ 2017-18ലെ നീക്കിയിരുപ്പായി അവശേഷിച്ചിരുന്നത് ₹326232/-യായിരുന്നു. തൻ വർഷ പലിശയുൾപ്പെടെ 2018-19 വർഷം നീക്കിയിരുപ്പായി അവശേഷിക്കുന്നത് ₹337800/-യാണ്. KYC ഫാറം യഥാസമയം നൽകാതിരുന്നതിനാൽ ബാങ്ക് അധികൃതർ ജനകീയ ഭവന പദ്ധതി അക്കൗണ്ട് മരവിപ്പിച്ചിരുന്നു. അക്കൗണ്ട് മരവിപ്പിച്ചതിനെ തുടർന്ന് ഗ്രാമ പഞ്ചായത്ത് 21801221/31.3.19 നമ്പർ വൗച്ചർ പ്രകാരം പ്രസ്തുത നീക്കിയിരുപ്പ തുക 'Advance to other Authorised Agencies'എന്ന ഡെപ്പോസിറ്റ് ശീർഷകത്തിലേക്ക് ചെലവായി രേഖപ്പെടുത്തുകയും ചെയ്തു. തൻമൂലം 2018-19 വാർഷിക കണക്ക് നീക്കിയിരുപ്പിൽ ജനകീയ ഭവന പദ്ധതി നീക്കിയിരുപ്പ തുകയായ ₹337800/-യ്ക്കു പകരം പൂജ്യം ആണ് ഉൾപ്പെട്ടിരിക്കുന്നത്. വാർഷിക കണക്ക് നീക്കിയിരുപ്പിൽ

₹337800/-യുടെ കുറവുണ്ടായിട്ടുണ്ട്. KYC ഫോറം ക്ലിയറൻസിനെ തുടർന്ന് പ്രസ്തുത അപാകത പരിഹരിക്കുകയും 2019-20 വർഷത്തെ വരവായി പ്രസ്തുത തുക ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജേർണൽ എൻട്രി മുഖേന യഥാർത്ഥമല്ലാത്ത ചെലവുകൾ രേഖപ്പെടുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-16 വിവിധോദ്ദേശ്യ ഗ്രാന്റുകളും സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകളും പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന് വിവിധ വർഷങ്ങളിലായി വിവിധോദ്ദേശ്യ ഗ്രാന്റിനത്തിലും സംയുക്ത പദ്ധതികൾക്കുമായി ലഭിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഏനാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ വിവിധോദ്ദേശ്യങ്ങൾക്കായി ലഭിച്ച ₹2978869/-യും മറ്റ് അക്കൗണ്ടുകളിൽ ₹3257448/-യും ചെലവാകാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തുക(₹) | അക്കൗണ്ട് | റിമാർക്സ് |
|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം(കേന്ദ്രം) | 425177 | ഏനാനല്ലൂർ SCB അക്കൗണ്ട് നം.1902 | |
| ഐ.സി.ഡി.എസ്(SNP) | 339624 | | |
| എം.എൻ ലക്ഷം വീട് പുനരുദ്ധാരണം(പ്രോജക്ട് നം.172/15) | 326700 | | 2014-15 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 1200000 | | 2018-19 വർഷം ലഭിച്ച തുക |
| വിമുക്തി ഫണ്ട് | 55310 | | |
| സാക്ഷരത | 37178 | | |
| കേരളോത്സവം | 18360 | | |
| സമ്പൂർണ്ണ ശുചിത്വം(സംസ്ഥാനം) | 111985 | | |
| കാലാമ്പൂർ സ്റ്റേഡിയം നിർമ്മാണത്തിനായി ലഭിച്ച പൈക്ക ഫണ്ട്(പ്രോജക്ട് 95/14) | 47969 | | 2013-14 |
| പൂർവ്വ മഴക്കാല ശുചീകരണം | 16474 | | 2016-17ൽ ലഭിച്ച തുകയിൽ ചെലവാകാതെ അവശേഷിക്കുന്നത് |

| | | | |
|---|---|---|---|
| ആരോഗ്യ കേരളം(അവാർഡ് തുക) | 31746 | | |
| ഗുണഭോക്തൃ വിഹിതം | 8386 | | |
| ODF | 326700 | | |
| ജനകീയ ഭവനം | 337800 | എസ്.ബി.ടി 57021302392 | |
| ലൈഫ് ഭവന പദ്ധതി എസ്.സി(ജില്ലാ പഞ്ചായത്ത് വിഹിതം) | 1000000 | | 2017-18ൽ ലഭിച്ച തുക |
| പാലിയേറ്റീവ് കെയർ(ബ്ലോക്ക് പഞ്ചായത്ത്) | 47852 | | ₹47671/-(2016-17), ₹181/-(2018-19) |
| ലൈഫ് ഭവന പദ്ധതി(ബ്ലോക്ക് പഞ്ചായത്ത്) | 4472 | | 2018-19 |
| ഐ.സി.ഡി.എസ്(SNP) | 84019 | | 2016-17 |
| അംഗൻവാടി(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 140095 | ട്രഷറി ടി.എസ്.ബി Joint Venture | 2016-17 |
| മാൻകുത്തേൽ കുടിവെള്ള പദ്ധതി | 200000 | | 2018-19 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(ജില്ലാ പഞ്ചായത്ത്) | 106065 | | ₹83090/-(2016-17), ₹22975/-(2017-18) |
| ബഡ്സ് സ്കൂൾ | 1250000 | | 2018-19 |
| അംഗൻവാടി(ജില്ലാ പഞ്ചായത്ത്) | 87145 | | 2016-17 |
| ആകെ | 2919648 | | |

ചെലവാകാതെ അവശേഷിക്കുന്ന ഗ്രാന്റുകളും മറ്റ് തുകകളും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കാലി വീപ്പയുടെ വില ഗ്രാമ

## പഞ്ചായത്തിന്റെ തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2018-19 വർഷം നിർവ്വഹണം നടത്തിയിട്ടുള്ള ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില കുറവു ചെയ്യുന്നതിനു പകരം കരാറുകാർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. കാലി വീപ്പയുടെ വില '3'ൽ തുടങ്ങുന്ന ബാധ്യത ഹെഡിൽ പിടിക്കുന്നതിനു പകരം '1'ൽ തുടങ്ങുന്ന ശീർഷകത്തിലാണ് വരവ് വച്ചിട്ടുള്ളത്. കാലി വീപ്പയുടെ വിലയിനത്തിൽ കളക്ട് ചെയ്തിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കാലി വീപ്പയുടെ വിലയായി ഈടാക്കിയ തുക | രസീത് നം/തീയതി |
|---|---|---|
| പാലിയത്തു താഴം റോഡ് റീടാറിംഗ്(28/19) | 6460 | 119050100062/1.4.19 |
| പോർക്കാവ് റോഡ് റീടാറിംഗ്(65/19) | 7302 | 118050103443/27.2.19 |
| ഏനാനല്ലൂർ ലക്ഷം വീട് കോളനി റോഡ്(59/19) | 5236 | 118050102901/22.3.19 |
| കാരിമറ്റം ബൈപ്പാസ് റോഡ്(70/19) | 4214 | 118050103900/22.3.19 |
| ആകെ | 23212 | |

വികസന ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തിയ പദ്ധതികളായതിനാൽ കാലി വീപ്പയുടെ വിലയായി ഈടാക്കിയിട്ടുള്ള തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-18 വെള്ളക്കരം - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശ്ശിക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. 2019 മാർച്ച് മാസത്തെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം (ബിൽ നം.33139/12.03.19) പഞ്ചായത്തിന് വാട്ടർ ചാർജ്ജ് ഇനത്തിൽ 6831624 രൂപ കുടിശ്ശികയും 134004 രൂപ ഫൈനുമുണ്ട്. 2018-19 വർഷം വികസന ഫണ്ടിൽ നിന്ന് 203600 രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് 188800 രൂപയും വെള്ളക്കരമിനത്തിൽ പിടിച്ചിട്ടുണ്ട്. കൂടാതെ 415000 രൂപ 14/19 നമ്പർ പ്രോജക്ട് പ്രകാരം സംരക്ഷണ ഗ്രാന്റിൽ(റോഡിതരം) നിന്നും വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ അടവ് വരുത്തിയിട്ടുമുണ്ട്. തൻ വർഷം ഇത്രയും തുക അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പിന്നീടുള്ള ഡിമാന്റിൽ കുറവ് വരുത്തിയിട്ടില്ല. 2018 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം കുടിശ്ശിക

5517272 രൂപയും ഫൈൻ 108223 രൂപയുമായിരുന്നു. 2020 ജനുവരിയിൽ ലഭിച്ച വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിലും 6400567 രൂപ കുടിശ്ശികയും 125551 രൂപ ഫൈനും ഉൾപ്പെട്ടിട്ടുണ്ട്. വെള്ളക്കരമിനത്തിലെ ഭീമമായ കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6) 2009-10 മുതൽ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള വികസന ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റുകളിൽ നിന്നും വെള്ളക്കര കുടിശ്ശിക ഈടാക്കിയിട്ടുള്ളതാണെന്നും ആയത് വാട്ടർ അതോറിറ്റിയിൽ കൃത്യമായി വരവ് വെച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വെള്ളക്കരമിനത്തിൽ പിടിച്ച തുകകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതും കുടിശ്ശിക തുക ഡിമാന്റിൽ നിന്നും നീക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

കൂടാതെ തൻ വർഷം എല്ലാമാസവും അതാത് മാസത്തെ വാട്ടർ ചാർജ്ജ് ഇനത്തിൽ 139125/- രൂപ വീതം തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം 318 ആണ്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്തപരിശോധന അടിയന്തിരമായി നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾ ഡിമാന്റിൽ നിന്നും കുറവ് ചെയ്യുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

# 1-19 വിവിധ ടാറിംഗ് പ്രവൃത്തികൾ-കാലി വീപ്പയുടെ വില ഈടാക്കിയില്ല

2018-19 വർഷം പൂർത്തീകരിച്ചിട്ടുള്ള ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്യാത്തതിനാൽ 14885/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശത്തിന് ഖണ്ഡിക ഭാഗം ലെ ഖണ്ഡിക 3-1 കാണുക.

# 1-20 നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

കരാറുകാരന്റെ പിഴവുമൂലം പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കലാവധിയുടെ 25% വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണമെന്നും കേരള പൊതുമരാമത്ത് മാനുവൽ 2012 സെക്ഷൻ 2112 ൽ വ്യക്തമാക്കിയിട്ടുണ്ട്. പരാമവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ലെന്നും പ്രസ്തുത മാനുവലിൽ നിർദ്ദേശിച്ചിട്ടുണ്ട്. പാലായിക്കുടിത്താഴം കാപ്പിമാരിത്താഴം റോഡ്,കമ്മ്യൂണിറ്റി ഹാൾ കോൽച്ചിറ റോഡ് എന്നീ മരാമത്ത് പ്രവൃത്തികൾ കരാറുകാർ 06.11.17 ൽ നിയമാനുസൃതം ഏറ്റെടുത്തിട്ടുള്ളതാണെങ്കിലും പ്രവൃത്തി

പൂർത്തീകരിച്ചിട്ടുള്ളത് ഒന്നര വർഷത്തിനു ശേഷമാണ്. മാത്രമല്ല കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാറുകാരൻ & അളവു ബുക്ക് | കരാർ തീയതി &PAC തുക | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | ബിൽനം ./തീയതി & തുക | ഈടാക്കേണ്ട പിഴ | |
|---|---|---|---|---|---|---|
| | | | | | 1% | 2% |
| പാലായിക്കടിത്താഴം കാപ്പിമാരിത്താഴം റോഡ് (117/19) ശ്രീജിത് വി.എസ് 816/18-19 | 6.11.17 250000 | 5.1.19 | 5.5.18 | 54/22.1.19 249785 | 2500 | 5000 |
| കമ്മ്യൂണിറ്റിഹാൾ കോൽച്ചിറ റോഡ് (118/19) ശ്രീജിത് വി.എസ് 815/18-19 | 6.11.17 233000 | 7.1.19 | 6.5.18 | 35/22.1.19 232758 | 2330 | 4660 |
| ആകെ | | | | | 4830 | 9660 |

കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. പിഴയിനത്തിലുള്ള ₹14490/-ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-21 യോഗപരിശീലനം - പരിശീലകയ്ക്ക് അധികം തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 167/19 |
| അടങ്കൽ | 54000 |
| ചെലവ് | 54000 |
| ബിൽ നം. | 15/18-19/16.02.19<br>22/18-19/23.03.19 |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

2018-19 വർഷം യോഗ പരിശീലനം നടത്തിയതിന് ഒരു ക്ലാസിന് 750 രൂപ നിരക്കിൽ 72 ക്ലാസ്സിന് 54000 രൂപ പരിശീലകയായ ദീപാ മാത്യുവിന് മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ജി.ഒ(എം.എസ്)22/2018/തസ്വഭവ തീയതി 14.02.2018-7.5.5 സബ്സിഡി മാർഗ്ഗരേഖ പ്രകാരം വയോജനങ്ങൾക്ക് യോഗ പരിശീലനത്തിനായി പരിശീലകന് ഒരു സെക്ഷന് 400/- രൂപ ക്രമത്തിൽ ഒരുമാസം 12,000/- രൂപ നൽകാവുന്നതാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഒരു ക്ലാസിന് 750 രൂപാ നിരക്കിൽ

ഹോണറേറിയം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15) യോഗ പരിശീലനപരിപാടികൾ രണ്ട് സെഷനുകളായാണ് നടക്കുന്നതെന്നും ഒരു ക്ലാസിന് 375 രൂപ പ്രകാരം രണ്ട് ക്ലാസിന് 750 രൂപയാണ് നൽകുന്നതെന്നും വൗച്ചർ ഒന്നായിട്ടാണ് എഴുതിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഒരു സെഷനിൽ പങ്കെടുക്കുന്നവരുടെ അറ്റൻഡൻസ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. രണ്ട് സെഷനിലും പങ്കെടുക്കുന്നവരുടെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത നിലനിൽക്കുന്നതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 54000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിയ്ക്ക് ലാപ് ടോപ് അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 26/19 |
| അടങ്കൽ | 450000/- |
| ചെലവ് | 449850/- |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| ബിൽ നം. | 1/18-19/11.02.19 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.സ്കൂൾ |

മേൽ പ്രോജക്ടിലുൾപ്പെടുത്തി വിവിധ കോഴ്സുകൾക്ക് പഠിയ്ക്കുന്ന 15 വിദ്യാർത്ഥികൾക്ക് ഒരെണ്ണത്തിന് 29990 രൂപ നിരക്കിൽ ലാപ് ടോപ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ അർച്ചന ഒ.കെ,ഒഴുകപ്പറമ്പിൽ,രണ്ടാർ എന്ന വിദ്യാർത്ഥിനി സമർപ്പിച്ച കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 17-18 വർഷം തന്നെ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു. ഇലാഹിയ കോളേജ് ഓഫ് ആർട്സ് & സയൻസ്, മൂവാറ്റുപുഴയിൽ നിന്നും നൽകിയിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റിൽ 2015-2018 വർഷം ബി.കോം വിദ്യാർത്ഥിനിയായിരുന്നുവെന്നും 2018 ഏപ്രിലിൽ കോഴ്സ് പൂർത്തിയാക്കി കോളേജിൽനിന്നും വിടുതൽ ചെയ്ത് പോയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിനിയ്ക്ക് ലാപ് ടോപ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധനയിൽ അപാകത സംഭവിച്ചതാണെന്നും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-23 മുട്ടക്കോഴി വിതരണം എസ്.റ്റി- ഒരു കുടുംബത്തിലെ രണ്ട് പേർക്ക് അനുവദിച്ചു

| | |
|---|---|
| പ്രോജക്ട്നം. | 155/19 |
| അടങ്കൽ | 39000/- |
| ചെലവ് | 26000/- |
| ഫണ്ടിനം. | വികസനഫണ്ട് (ടി.എസ്.പി) |
| ബിൽ നം. | KDS 15/18-19/07.03.19 |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്റിനറി സർജൻ |

മേൽ പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 20 കോഴി വീതം വിതരണം ചെയ്തിട്ടുണ്ട്. 24.01.2019 ന് ചേർന്ന ഊരുകൂട്ടം, ഒരു പട്ടികവർഗ്ഗ കുടുംബത്തിന് 20 കോഴികളെ വീതം നൽകുന്നതിനായി 17 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ ഗുണഭോക്താക്കൾ സമർപ്പിച്ച റേഷൻകാർഡ് (നം.1740017418) പ്രകാരം ശ്രീ.ഷാജു പുത്തൻപുരക്കൽ, ശ്രീ.സിജു പുത്തൻപുരക്കൽ എന്നീ ഗുണഭോക്താക്കൾ ഒരേ കുടുംബത്തിലെ അംഗങ്ങളാണെന്ന് കാണുന്നു. പ്രസ്തുത റേഷൻ കാർഡിൽ മേൽ 2 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഒരേ കുടുംബത്തിലെ തന്നെ 2 പേർക്ക് ആനുകൂല്യം നൽകിയിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ 17 ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കെ ഒരു കുടുംബത്തിൽ നിന്ന് തന്നെ രണ്ട് പേർക്ക് ആനുകൂല്യം നൽകിയ നടപടി ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-24 കറവപ്പശുക്കൾക്ക് കാലിത്തീറ്റ- അപാകതകൾ

| | |
|---|---|
| പ്രോജക്ട്നം. | 32/19 |
| അടങ്കൽ | 840000 |
| ചെലവ് | വികസന ഫണ്ട്- 420000<br>ഗുണഭോക്തൃ വിഹിതം- 420000 |
| ബിൽ നം. | KDS 1/18-19/14.12.18<br>KDS 2/18-19/01.01.19<br>KDS 6/18-19/19.01.19<br>KDS 17/18-19/07.03.19 |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്റിനറി സർജൻ |

കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി കളമ്പൂർ ക്ഷീര സംഘം വഴി 120 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുക എന്നുള്ളതായിരുന്ന പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സംഘങ്ങളിൽ നിന്നും ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെയോ ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

2. സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതത്തിന്റെ അടങ്കലും ചെലവും 420000 രൂപയാണ്. എന്നാൽ മേൽ പ്രോജക്ടിലേക്ക് ഗുണഭോക്തൃ വിഹിതമായി 441600 രൂപ പിരിച്ചിട്ടുണ്ട്. അടങ്കൽ തുകയിലെ വ്യത്യാസത്തിന് അനുസരിച്ച് പ്രോജക്ട് റിവൈസ് ചെയ്യുകയോ വ്യത്യാസം വിശദീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല.

3. ആകെ 566400 രൂപയുടെ കൈപ്പറ്റ് രസീത് മാത്രമേ കേരള ഫീഡ്സിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ഇതിൽ 26.04.2019 ലെ 21600 രൂപയുടെ കൈപ്പറ്റ് രസീത് ഏത് തുകയുടേതെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 420000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-25 ലൈഫ് ഭവനപദ്ധതി ( എസ് സി )- മുൻകൂർ നൽകി- ഭവനനിർമ്മാണം ആരംഭിച്ചില്ല-

വി.ഇ.ഒ കാലാമ്പൂർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി നം.48/19 ( എസ് സി ) പ്രോജക്ടിൽപ്പെടുത്തി ശ്രീമതി ശാന്ത കറുമ്പൻ, തടത്തിപ്പറമ്പിൽ, കാരിമറ്റം എന്ന ഗുണഭോക്താവിന് 40000/- -രൂപ
(ബിൽ നം. 1/18-19/16-05-18) നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താവ് ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. തുക തിരികെ അടവാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അന്വേഷണകുറിപ്പിന് (നം.13) മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കുന്നതുവരെ 40000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 ലൈഫ് ഭവന പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്-

ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ.പ്രോ.നം.107/19 ) യിൽപ്പെടുത്തി വികസനഫണ്ടിൽ നിന്നും 840000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും 4000000/- രൂപയുമായി ആകെ 4840000/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ ചുവടെ കൊടുത്തിരിയ്ക്കുന്നവർ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കി അവസാനഗഡുവായ 40000/- കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അമ്പാടിരാജൻ, മാമ്പള്ളിക്കുടിയിൽ, കാലാമ്പൂർ
2. പാത്തുമ്മ മുഹമ്മദ്, വെള്ളാറച്ചാലിൽ, കാലാമ്പൂർ
3. വാസന്തി സന്തോഷ്, നടുക്കുടിയിൽ, ഏനാനല്ലൂർ

4. ഭവാനി ദാമോദരൻ, കോട്ടക്കല്ലിൽ, കാവക്കാട്

ഇവർ ഭവനനിർമ്മാണം പൂർത്തിയാക്കി തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-27 പഞ്ചായത്ത് ഓഫീസിനുള്ളിൽ സ്ഥാപിച്ച ബയോപോട്ട് ഉപയോഗിയ്ക്കാത്തത്-

218000269/12-07-18 നം വൗച്ചർ പ്രകാരം 2200/- ചെലവഴിച്ച് Northams ENV solutions-ൽ നിന്നും ബയോപോട്ട്-1,ബയോമീറ്റർ 2 എണ്ണം, ഹാൻഡ് ഫോർക്ക്-1 എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ബയോപോട്ട് നിലവിൽ പ്രവർത്തനരഹിതമാണ്. മാത്രമല്ല പഞ്ചായത്തിന്റെ വേസ്റ്റ് മാനേജ്മെന്റ് പരിമിതവുമാണ്. പഞ്ചായത്ത് പരിസരം മുഴവൻ പ്ലാസ്റ്റിക്,ഭക്ഷണമാലിന്യം നിറഞ്ഞ് വൃത്തിഹീനവുമാണ്. ബയോപോട്ട് പ്രവർത്തനക്ഷമ മാക്കുന്നതാണെന്ന് അന്വേഷണകുറിപ്പിന് (നം.16)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബയോപോട്ട് പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം പഞ്ചായത്ത് പരിസരവും ശുചിയായി സൂക്ഷിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 1-28 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന് തദ്ദേശ സ്വയം വകുപ്പിൽ നിന്നുള്ള 29.03.17 ലെ ജി.ഒ(എം.എസ്)72/2017 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ അംഗികാരം ലഭിച്ചിട്ടുള്ളതും 2018-19 വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുള്ളതുമായ താഴെപ്പറയുന്ന പദ്ധതികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ | ടെണ്ടർ തീയതി |
|---|---|---|
| അങ്കണവാടികൾക്ക് കൊടിമരം സ്ഥാപിക്കൽ(113/19) | 10000 | കൺവീനർ വർക്ക് |
| മലേക്കടവ് റോഡ് മെയിന്റനൻസ്(114/19) | 140000 | ടെണ്ടർ വിവരങ്ങൾ ലഭ്യമല്ല |
| മുപ്പതുപടി വെട്ടുകല്ലേൽ പീടികപ്പടി റോഡ് ടാറിംഗ്(116/19) | 55550 | ടെണ്ടർ വിവരങ്ങൾ ലഭ്യമല്ല |
| ഒന്നാം വാർഡിൽ വിവിധ ലിഫ്റ്റ് ഇറിഗേഷൻ മെയിന്റനൻസ്(122/19) | 100000 | 24.11.17 |
| പട്ടമ്മാവുർ ലിഫ്റ്റ് ഇറിഗേഷൻ മെയിന്റനൻസ്(126/19) | 200000 | 24.11.17 |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 വിനിയോഗവിവരം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

| പ്രോജക്ട് നം/പേര് | തുക | തുക നൽകിയ സ്ഥാപനം | ഫണ്ടിനം | ബിൽ/ വൗച്ചർ നം. |
|---|---|---|---|---|
| 12/19<br>മടത്താട്ട് കോളനി ഇലക്ട്രിക് ലൈൻ മാറ്റൽ വാർഡ് 9 | 50000 | കെ.എസ്.ഇ.ബി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30/18-19/16.01.19 |
| 13/19<br>കാരിമറ്റം ലക്ഷം വീട് കോളനിലൈൻ മാറ്റൽ വാർഡ് 9 | 48372 | കെ.എസ്.ഇ.ബി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 29/18-19/16.01.19 |
| 149/19<br>കോൽച്ചിറ കുടിവെള്ള പദ്ധതി (സർവ്വീസ് കണക്ഷൻ) | 29800 | കെ.എസ്.ഇ.ബി | വികസനഫണ്ട് (പൊതുവിഭാഗം) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4800 - 38/18-19 /21.02.19<br>25000 - 39/18-19 /21.02.19 |
| 141/19 പുന്നമറ്റം പള്ളി റോഡിന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ | 291365 | ജില്ലാപഞ്ചായത്ത് | സംരക്ഷണ ഗ്രാന്റ് ( റോഡ്) | 34/18-19/22.01.19 |
| ആകെ | 419537 | | | |

ടി പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 419537/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് കണക്കുകളിലെ വ്യക്തമായ നഷ്ടം

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ് കണക്കുകളിലെ വ്യക്തമായ നഷ്ടം

2018-19 വർഷം പൂർത്തീകരിച്ചിട്ടുള്ള താഴെപ്പറയുന്ന ടാറിംഗ് പ്രവൃത്തികളുടെ അന്തിമ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില കുറവ് ചെയ്തിട്ടില്ല.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ& അളവുബുക്ക് നം. | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | പദ്ധതി ചെലവ് | | കാലിവീപ്പയുടെ വിലയായി കുറവു ചെയ്യേണ്ടിയിരുന്ന തുക | |
|---|---|---|---|---|---|---|
| | | | ബിൽനം /തീയതി | തുക | കാലി വീപ്പ @238/ ബാരൽ | ജി.എസ്.ടി |
| സിദ്ധൻപടി മൈലൂർത്തടം റോഡ്(74/19) | ഡെന്നി കെ.മാത്യു 780/18-19 | 27 ബാരൽ | 56/26.3.19 | 456712 | 6426 | 1157 |
| കല്ലട കയ്യൂഴയിൽ റോഡ്(61/19) | ഷാജു ജോസഫ് 794/18-19 | 26 ബാരൽ | 54 & 55/ 26.3.19 | 471019 | 6188 | 1114 |

ജി.ഒ(പി)87/2017/LSGD തീയതി 01.11.17 പ്രകാരം ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് 5% നഷ്ട പരിഹാരം അനുവദിക്കാവുന്നതാണെന്നും ഇതിനായി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയിൽ നിന്നും കാലിവീപ്പയുടെ വിലയും ടാക്സും ഈടാക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസി.എഞ്ചിനിയർ മറുപടിയായി അറിയിച്ചിട്ടുണ്ട്. കാലി വീപ്പ,ജി.എസ്.ടി എന്നീയിനങ്ങളിലുള്ള ₹14885/-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

1) ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് പ്രവൃത്തികളിൽ കാലിവീപ്പയുടെ വിലയായി കളക്ട് ചെയ്ത 14580/-രൂപ 3ൽ തുടങ്ങുന്ന ലയബിലിറ്റി ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം 1ൽ തുടങ്ങുന്ന വരവ് ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത്.

2) ജനകീയ ഭവനംപദ്ധതി നിക്കിയിരിപ്പ് തുകയായ 337800/- രൂപ Advance to other authorised agencies എന്ന ഡെപ്പോസിറ്റ് ശീർഷകത്തിൽ ചെലവായി രേഖപ്പെടുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2019ലെ നീക്കിയിരിപ്പിൽ 337800/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

3) മടത്താട്ട് കോളനി ലൈൻമാറ്റൽ(12/19),കാരിമറ്റം ലക്ഷംവീട് കോളനി ലൈൻമാറ്റൽ(13/19), എന്നീ പദ്ധതികൾക്കായി കെ.എസ്.ഇ.ബിക്ക് നൽകിയ 98372/-രൂപ Advance to other authorised agencies എന്ന ഡെപ്പോസിറ്റ് ശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം ഇലക്ട്രിക്ലൈൻ എക്സ്റ്റൻഷൻ (410600102) എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വാർഷിക കണക്കിലെ മറ്റ് അപാകതകൾ കെ.എസ്.എ-ഇ.കെ.എം(പിജി)1227/(57)/2019/ 14.08.2019 നമ്പർ പ്രകാരമുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ അനുബന്ധം 1 ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരുപ്പ് | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 2018-19 | 120000 | സാന്ത്വന പരിചരണം (40/19) | 119819 | 181 |
| | | | | മാൻകുത്തേൽ കുടിവെള്ള | | |

| | | | | | | |
|---|---|---|---|---|---|---|
| | | 2018-19 | 2,00,000 | പദ്ധതി | 0 | 200000 |
| | | 2018-19 | 78246 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ്(86/19) | 78246 | 0 |
| | | 2018-19 | 400000 | ലൈഫ് ജനറൽ(47/19) | 395528 | 4472 |
| | | 2018-19 | 280000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ്(37/19) | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 170000 | നെൽകൃഷി കൂലി ചെലവ്(98/19) | 170000 | 0 |
| | | 2018-19 | 533737 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(86/19 | 533737 | 0 |
| | | 2018-19 | 226000 | ക്ഷീര കർഷകർക്ക് ഇൻസന്റീവ്(37/19) | 226000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 12/19 മടത്താട്ട് കോളനി ലൈൻ മാറ്റൽ | 30/18-19/16.01.19 | 50000 | 0 | 50000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 13/19 കാരിമറ്റം ലക്ഷം വീട് കോളനി ലൈൻ മാറ്റൽ | 29/18-19/16.01.19 | 48372 | 0 | 48372 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | 14/19 കോൽചിറ കോളനി കുടിവെള്ള പദ്ധതി | 4800/- 38/18-19 /21.02.19<br>25000/- 39/18-19 | 29800 | 0 | 29800 |

| | | /21.02.19 | | | |
|---|---|---|---|---|---|

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ / വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 20885021/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | സ.ഉ.(കൈ) 530/2010/ ത.സ്വ.ഭ.വ. 18.02.2010 | 6870000/- | 477300/- | 345000/- | 0 | 127787/- |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(കൈ) 2278/18 / ത.സ്വ.ഭ.വ. 18.08.2018 | 3844472/- | 0 | 0 | 0 | 3844472/- |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29958/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2004-05 | 3-2 | 3246 | ജിജി ജോർജ് | 118050100448/18.05.18 |
| | 3-4 | 1125 | | |
| 2010-11 | 3-2 | 21841 | മുസ്തഫ കെഎം | 118050101066/20.08.18 |
| 2013-14 | 3-9 | 3746 | എം കെ സന്തോഷ് കുമാർ | 11805010054/06.06.18 |
| ആകെ | | 29958 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 60207163 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56181912 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 14885 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 933537 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14885 | എൽദോസ് പോൾ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 14885 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 54000 | ഡോ. ജീതു റ്റി ജെ<br>മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 1-24 | 420000 | ഡോ.ബോബി, വെറ്ററിനറി സർജൻ |
| 1-25 | 40000 | ആൽബി ജോർജ്,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-29 | 419537 | ജയരാജ് പി എം, സെക്രട്ടറി |
| ആകെ | 933537 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൽദോസ് പോൾ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആയവന ഗ്രാമപഞ്ചായത്ത് | നെല്ലിമറ്റത്തിൽ,<br>ചേലാട് പി.ഒ,<br>കോതമംഗലം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി-3)112/98തീ.16.4.98 |
| 1997-98 | എൽ എഫ് ഇ (പി-5)1028/02തീ.14.2.02 |
| 1998-99 | എൽ എഫ് ഇ (പി-5)848/03തീ.31.3.04 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)342/06തീ.9.11.06 |
| 1999-00, 2000-01 | എൽ എഫ് ഇ (പി-5)982/04തീ.4.11.04 |
| 1997-98 | എൽ എഫ് ഇ (പി-5)1978/07തീ.30.9.08 |

| | |
|---|---|
| 1998-99 | എൽ എഫ് ഇ (പി-5)1979/07തീ.30.9.08 |
| 1999-00 | എൽ എഫ് ഇ (പി-5)1980/07തീ.30.9.08 |
| 2000-01 | എൽ എഫ് ഇ (പി-5)1981/07തീ.30.9.08 |
| 2001-02 | എൽ എഫ് ഇ (പി-5)1982/07തീ.30.9.08 |
| 2002-03 | എൽ എഫ് ഇ (പി-5)811/10തീ.27.10.11 |
| 2003-04 | എൽ എഫ് ഇ (പി-5)812/10തീ.27.10.11 |
| 2004-05 | കെ.എസ്.എ.ഇകെഎം(പി8)719(i)/2018 തീ.11.07.19 |
| 2005-06 | കെ.എസ്.എ.ഇകെഎം(പി8)719(ii)/2018 തീ.11.07.19 |
| 2006-07 | കെ.എസ്.എ.ഇകെഎം(പി8)719(iii)/2018 തീ.11.07.19 |
| 2007-08 | എൽ എഫ് ഇ (പി-5)784/12തീ.25.7.12 |
| 2008-09 | കെ.എസ്.എ.ഇകെഎം(പി8)719(iv)/2018 തീ.11.07.19 |
| 2009-10 | കെ.എസ്.എ.ഇകെഎം(പി8)719(v)/2018 തീ.11.07.19 |
| 2010-11, 2011-12 | കെ.എസ്.എ.ഇകെഎം(പി8)719(vi)/2018 തീ.11.07.19 |
| 2012-13 | കെ.എസ്.എ.ഇകെഎം(പി8)719(vii)/2018 തീ.11.07.19 |
| 2013-14, 14-15 | കെ.എസ്.എ.ഇകെഎം(പി8)719(viii)/2018 തീ.11.07.19 |
| 2015-16 | കെ.എസ്.എ.ഇകെഎം(പി8)719(ix)/2018 തീ.11.07.19 |
| 2016-17 | നം.കെ.എസ്.എ.ഇകെഎം(പി8)1655/2017 തീ.26.09.2017 |
| 2017-18 | കെ.എസ്.എ.ഇകെഎം(പി8)1078/2019 തീ.11.07.19 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആയവന ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി
പൊരുത്തപ്പെടുത്തിയിട്ടില്ല.

2, ബി11 ഷെഡ്യൂളിൽ വെഹിക്കിൾ ഹെഡിൽ 551463/-രൂപയാണ് ഉള്ളത്. എന്നാൽ accumulated vehicles എന്ന ഹെഡിൽ ഡിപ്രിസിയേഷൻ (Code 411500101) 661752/- രൂപയാണ് ഉൾപ്പെടുത്തിയത്. മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിസിയേഷൻ തുകയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of AYAVANA Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of AYAVANA Grama Panchayat for the year 2018-19 subject to the observations in the Annexure-2, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Defects of the Annual Financial Statement for the year 2018-19 are shown below

1. All assets including land were not accounted in the asset register and not reconciled with the Annual Financial Statement.

2. ₹551463/- were accounted in the vehicle head B-11 schedule. But in the head of account (411500101) depreciation on accumulated vehicle is ₹661752/-. Thus depreciation is more than the actual value of the asset.

DEPUTY DIRECTOR

DEPUTY DIRECTOR